CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# തിരുനാൾകർമ്മങ്ങൾ



കൊടി ഉയർത്തൽ, ലദീഞ്ഞു്,
പ്രദക്ഷിണം, തിരുനാൾ ഏല്പിക്കൽ,
രൂപം എഴുന്നള്ളിച്ചുവയ്ക്കൽ, വേസ്പര

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# തിരുനാൾക്കർമ്മങ്ങൾ

കൊടി ഉയർത്തൽ, ലദീഞ്ഞു്, പ്രദക്ഷിണം
തിരുനാൾ ഏല്പിക്കൽ
തിരിവെഞ്ചരിപ്പു്
രൂപം എഴുന്നള്ളിച്ചുവയ്ക്കൽ
വേസ്പര (പാട്ടു റംശ)

By
**Fr. Abel C. M. I.**

Rights Reserved

Ernakulam
15 – 8 – 1985

രൂ. 1 . 50

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# തിരുനാൾകർമ്മങ്ങൾ

## 1. കൊടി ഉയർത്തൽ

കാർമ്മികനും സഹായികളും തിരുവസ്ത്രങ്ങള ണിഞ്ഞു ധൂപക്കുററിക്കാരൻ, തിരിക്കാർ എന്നിവരോടുകൂടെ കൊടിമരത്തിൻെറ ചുവട്ടിൽച്ചെന്നു നിന്നു കർമ്മങ്ങൾ ആരംഭിക്കുന്നു. സൂചന.: 1) ധൂപക്കുററിക്കാരൻ വെഞ്ചരിച്ച പനിനീരും എടുത്തിരിക്കണം.

2) ജനങ്ങൾ കൊടിമരത്തിനു ചുററുമായി നിൽക്കുന്നു.

**കാർമ്മി:** പിതാവിൻെറയും † പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** മേഘങ്ങളെ വാഹനമാക്കി കാററിൻെറ ചിറകുകളിൽ സഞ്ചരിക്കുന്ന ബലവാനായ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. അങ്ങയുടെ മഹത്വത്തിനും വിശുദ്ധരുടെ ബഹുമാനത്തിനുമായി ഞങ്ങൾ ഉയർത്തുന്ന ഈ പതാകയെ പിതാവിൻെറയും† പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആശീർവ്വദിക്കണമേ. ഈ പതാകയെ വണങ്ങുന്നവർക്കെല്ലാം അങ്ങയുടെ സഹായം ലഭിക്കുമാറാകട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കാർമ്മികൻ പതാകയെ ധൂപിക്കുന്നു. അനന്തരം താഴെക്കാണുന്ന പാട്ടുപാടിക്കൊണ്ടു പതാകയുടെ മേലും അവിടെത്തന്നെ നിന്നുകൊണ്ടു് ചുററുമുള്ള ജനങ്ങളുടെ മേലും പനിനീർ തളിക്കുന്നു.

## ഗാനം

കാർമ്മി: കർത്താവാം മിശിഹാതൻ കാരുണ്യവും
താതനാം ദൈവത്തിൻ സംപ്രീതിയും
പരിശുദ്ധാത്മാവിൻ സഹവാസവും
നമ്മിലുണ്ടാകേണമെന്നുമെന്നും.

സമൂ: നമ്മിലുണ്ടാകേണമെന്നുമെന്നും.

കാർമ്മികൻ പതാക ഉയർത്തുന്നു. തൽസമയം സമൂഹം താഴെവരുന്ന പാട്ടുപാടുന്നു. പതാക ഉയർത്തിക്കഴിയുമ്പോഴും ആ പാട്ടുതന്നെ തുടർന്നു പാടിക്കൊണ്ടു പ്രദക്ഷിണമായി പള്ളിയിലേയ്ക്കു പോകുന്നു.

## ഗാനം

ജനപദങ്ങളേ,
കർത്താവിനെ വാഴ്ത്തീടുവിൻ.
ഹല്ലേലൊയ്യാ (3)

ഭൂവാസികളേ,
കർത്താവിനെ വാഴ്ത്തീടുവിൻ.
ഹല്ലേലൊയ്യാ (3)

താതനും സുതനും
പരിശുദ്ധാത്മാവിനും സ്തുതി.
ഹല്ലേലൊയ്യാ (3)

ആദിമുതലെന്നും
എന്നേയ്ക്കും ആമ്മേൻ.
ഹല്ലേലൊയ്യാ (3)

christianmusicologicalsocietyofindia.com

# 2. ലദീഞ്ഞു്

കാർമ്മികനും ശുശ്രൂഷികളും മദ്ബഹായിൽ ചെന്നു നിൽക്കുന്നു.

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും, എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
(സമൂഹവും കൂടി) അങ്ങയുടെ നാമം പൂജിതമാകണമേ........

സമൂഹം താഴെക്കാണുന്ന ലുത്തനിയാകളിൽ അവസരോചിതമായതു പാടുന്നു.

## ലുത്തനിയ

൧. കർത്താവിന്റെ തിരുനാളുകൾക്കു്

---

**കർത്താവേ, കനിയണമേ**
**മിശിഹായേ, കനിയണമേ**
**കർത്താവേ, ഞങ്ങളുണ്ടെയും**
**പ്രാർത്ഥന സദയം കേൾക്കണമേ.**

**സ്വർഗ്ഗപിതാവാം സകലേശാ,**
**ദിവ്യാനുഗ്രഹമേകണമേ:**
**നരരക്ഷകനാം മിശിഹായേ,**
**ദിവ്യാനുഗ്രഹമേകണമേ.**

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ദൈവാത്മാവാം സകലേശാ,
ദിവ്യാനുഗ്രഹമേകണമേ:
പരിപാവനമാം ത്രീത്വമേ,
ദിവ്യാനുഗ്രഹമേകണമേ.

നൃപനാം മിശിഹാ കർത്താവേ,
നിത്യപിതാവിൻ പ്രിയസൂനോ,
മർത്ത്യകുലത്തിൻ രക്ഷകനേ,
ദിവ്യാനുഗ്രഹമേകണമേ.

നരനുടെ നിലവിളി കേട്ടവനേ,
നരനെത്തേടിയണഞ്ഞവനേ,
കനിവുനിറഞ്ഞൊരു നല്ലിടയാ,
ദിവ്യാനുഗ്രഹമേകണമേ.

മർത്ത്യശരീരമെടുത്തവനേ,
മർത്തനമേറ്റുമരിച്ചവനേ,
മഹിമയിൽ വീണ്ടുമുയിർത്തവനേ,
ദിവ്യാനുഗ്രഹമേകണമേ.

പാപംപൂട്ടിയ നാകത്തിൻ
പാവനവാതിൽ തുറന്നവനേ,
മാനവനാശമപകർന്നവനേ,
ദിവ്യാനുഗ്രഹമേകണമേ.

അദ്ധ്വാനിച്ചുവലഞ്ഞവനും
ഭാരമെടുത്തുകുഴഞ്ഞവനും
സാന്ത്വനമരുളിയ ഗുരുനാഥാ,
ദിവ്യാനുഗ്രഹമേകണമേ.

christianmusicologicalsocietyofindia.com